902

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2021-22

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 9

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4 X 1 = 4)

1. " തേരിൽ നിന്നന്നേരം പാരിലിറങ്ങീട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ " ഇവിടെ അക്രൂരനിൽ തെളിയുന്ന ഭാവം എന്ത്?
   - വാത്സല്യം
   - ഭക്തി
   - സ്നേഹം
   - കരുണ

2. മുത്താപ്പ അകത്തേക്കുവന്നപ്പോൾ ഇലയനക്കമില്ല. അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?
   - ഇലകളൊന്നും അനങ്ങുന്നില്ല
   - വീട് നിശ്ശബ്ദമായി.
   - കാറ്റ് വീശുന്നില്ല
   - വീട്ടിൽ മറ്റാരുമില്ല.

3. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?
   - കണ്ണീർ - കണ്ണ്, നീർ
   - കായലോരത്ത് - കായൽ, ഓരത്ത്
   - കൈയേറ്റം - കൈ, അറ്റം
   - കടലിരമ്പം - കടലിൽ, ഇരമ്പം

4. " പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി"
ഇവിടെ 'പയറ്റിത്തെളിയുക' എന്ന ശൈലിയുടെ ആശയമെന്ത്?
   - എല്ലാവരോടും തർക്കിച്ച് വിജയിക്കുക.
   - പതിനെട്ടടവും പഠിച്ചും പ്രയോഗിച്ചും തഴക്കം വരിക.
   - വഴക്കുണ്ടാക്കി വിജയിക്കുക.
   - മത്സരിച്ച് പരാജയപ്പെടുക.

5. " ഒരുനാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടുഞാനെൻ
കരളുനടുങ്ങവേയിമ്മട്ടാമൊരു രംഗം "
(കാളകൾ)
ഏതു രംഗമാണ് ഈ വരികളിൽ പരാമർശിക്കുന്നത്?
   - വണ്ടിക്കാരൻ അവശനായി നടന്നുനീങ്ങുന്നത്.
   - കാളകൾ അവശരായി നടന്നുനീങ്ങുന്നത്.
   - വണ്ടിക്കാരൻ കാളകളെ തെളിച്ചുകൊണ്ട് മുന്നേറുന്നത്.
   - കാളവണ്ടിക്കാരന്റെ അന്ത്യയാത്ര

(മറുപുറം)

6. 'കേവലസൗന്ദര്യം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത്?

- കേവലത്തിന്റെ സൗന്ദര്യം
- കേവലമാകുന്ന സൗന്ദര്യം
- കേവലമായ സൗന്ദര്യം
- കേവലവും സൗന്ദര്യവും

**7 മുതൽ 12 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4X 2 = 8 )

7. "മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും"

(സൗന്ദര്യലഹരി)

ഇവിടെ സന്ധ്യയുടെ വരവിനെ കവി എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? വ്യക്തമാക്കുക.

8. **അർഥവ്യത്യാസം വരാതെ രണ്ടുവാക്യങ്ങളാക്കുക.**
അയാൾ ഊണുകഴിച്ചുതിരിച്ചുവന്നപ്പോഴും അവരുടെ ചോളം അളുക്ക് മൂടിയിരുന്നില്ല.

9. "പെട്ടെന്ന് മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം! ഉള്ളിൽ ഒതുങ്ങാതെ അത് ശരീരത്തിൽ ആകെ പടർന്നുകയറുകയാണ്."

(കുപ്പിവളകൾ)

കണ്ണമ്മയുടെ ഈ ഭാവമാറ്റത്തിന്റെ രണ്ട് കാരണങ്ങൾ എഴുതുക.

10. 'വെച്ചുവെച്ച് അയ്യപ്പനിറങ്ങി നടന്നു;
മനസ്സിൽ തടിവീണ് മണ്ണുകുലുങ്ങുന്ന പ്രകമ്പനത്തോടെ.'

(തേൻവരിക്ക)

അയ്യപ്പന്റെ മാനസികാവസ്ഥ ഈ പ്രയോഗങ്ങളിൽ തെളിയുന്നുണ്ടോ? വ്യക്തമാക്കുക.

11. ജ്യേഷ്ഠത്തി നീരസത്തോടെ പറഞ്ഞു. " അഞ്ചരക്കൊല്ലം കഴിഞ്ഞപ്പഴല്ലേ നിനക്ക് സൗകര്യം കിട്ടിയത്? അമ്മയ്ക്ക് എൺപത്തിമൂന്നായി. ഇന്നോ നാളെയോ എന്ന മട്ടിലാണ് ഇപ്പോഴത്തെ സ്ഥിതി. അമ്മേ വന്നു കാണാൻ നിനക്ക് ഇത്രകാലം തോന്നീല്യല്ലോ?

(കീറിപ്പൊളിഞ്ഞ ചകലാസ്)

ഗോപിയുടെ സ്വഭാവത്തിന്റെ എന്തെല്ലാം സൂചനകളാണ് ജ്യേഷ്ഠത്തിയുടെ വാക്കുകളിലുള്ളത്? കണ്ടെത്തിയെഴുതുക.

12. ഗുരു ശിഷ്യർക്ക് മുന്നിലെത്തി.
അന്നേരം കിളിവാതിലിൽ ഒരു പക്ഷി വന്നിരുന്നു.
അത് പാടാൻ തുടങ്ങി.
അവർ ആ പാട്ടിൽ ലയിച്ചിരുന്നു.

പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു.
"ഇനി പൊയ്ക്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു."

(സെൻകഥ)

ഗുരു ഇങ്ങനെ പറഞ്ഞതിന്റെ പൊരുളെന്ത്? വ്യക്തമാക്കുക.

(മറുപുറം)

13 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം) (4 X 4 = 16)

13. "പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാകാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ"

(സൗന്ദര്യലഹരി- ചങ്ങമ്പുഴ)

പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്.

(പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും- എം.പി.പോൾ)

പ്രകൃതിസൗന്ദര്യം ഓരോരുത്തരിലും ഉണ്ടാക്കുന്ന അനുഭൂതി ഓരോ വിധത്തിലാണ് എന്നാണല്ലോ എം.പി. പോൾ അഭിപ്രായപ്പെടുന്നത്. ചങ്ങമ്പുഴയുടെ സൗന്ദര്യലഹരി എന്ന കവിതയുമായി ബന്ധിപ്പിച്ച് ഈ അഭിപ്രായം വിലയിരുത്തുക.

14. "നോക്കമ്മേ , ആ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം"

(കുപ്പിവളകൾ)

കുപ്പിവളകൾ അണിഞ്ഞുനിൽക്കുന്ന കണ്ണമ്മയുടെ മുഖത്തെ തെളിച്ചമാണല്ലോ റോസിമോളുടെ സന്തോഷത്തിന് കാരണം. നന്മ നിറഞ്ഞ പ്രവൃത്തികൾ മൂലം നിങ്ങൾക്കുണ്ടായ ഇത്തരം ഒരു സന്തോഷാവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

15 "അന്നു ഖദർ സ്വാതന്ത്ര്യത്തിന്റെയും പ്രതിഷേധത്തിന്റെയും ചിഹ്നമായിരുന്നു. വിദേശിത്തരങ്ങൾ ധരിക്കയില്ലെന്നു ഞാൻ നിർബന്ധം വച്ചിരുന്നു..."

(അമ്മ)

മഹാത്മാഗാന്ധിയുടെ ജീവിതദർശനങ്ങൾ ബഷീറിൽ അഗാധമായ സ്വാധീനം ചെലുത്തിയിരുന്നു. കഥ വിശകലനം ചെയ്ത് പ്രസ്താവനയോട് പ്രതികരിച്ച് കുറിപ്പ് തയാറാക്കുക.

16. "അവർക്കെന്നോടുള്ള സ്നേഹത്തിന്റെ ആ പ്രകാശം എന്നെ വല്ലാതെ സ്പർശിച്ചു. സ്നേഹത്തിന്റെ നടുവിലിരിക്കുന്നതുപോലെയുള്ള ഒരു സ്വസ്ഥതയും സന്തോഷവും മനസ്സിലുണ്ടായി."

(ജീവിതം ഒരു പ്രാർത്ഥന)

"രാംഗോപാൽ ഇരുളിൽ മറഞ്ഞുപോയി. എന്നാൽ ഇന്നും പ്രകാശത്തോടെ അയാൾ എന്റെ മനസ്സിൽ ജീവിക്കുന്നു."

(രണ്ടു ടാക്സിക്കാർ)

സ്നേഹത്തെക്കുറിച്ച് കെ.എം.മാത്യുവും ഗുരുനിത്യചൈതന്യയതിയും പറയുന്ന വാക്കുകളാണിവ. രണ്ടു സന്ദർഭങ്ങളും വിശകലനം ചെയ്ത് 'സ്നേഹം ; ജീവിതത്തിന്റെ പ്രകാശം' എന്ന വിഷയത്തിൽ കുറിപ്പ് തയാറാക്കുക.

17. "ബാല്യകാലത്തിൻ നുറുങ്ങുകഥകളാൽ
പിന്നെയും മാധുരി ചേർത്തു നീ കാപ്പിയിൽ"

'നഗരത്തിൽ ഒരു യക്ഷൻ' എന്ന ശീർഷകം ഈ കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ട്. പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

(മറുപുറം)

18. എന്തെങ്കിലും തന്നെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരേയൊരാൾ മാത്രം - ദേവൂച്ചേച്ചി"
"കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നു പോയിരുന്നു."

(കുപ്പിവളകൾ)

ദേവൂച്ചേച്ചിയുടെയും റോസിമോളുടെയും കണ്ണമ്മയോടുള്ള സമീപനം നമുക്ക് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാമാണ്? കുറിപ്പ് തയാറാക്കുക.

**9 മുതൽ 21 വരെ ചോദ്യങ്ങളിൽ നിന്ന് 2 എണ്ണത്തിന് ഉത്തരമെഴുതുക (ഒരു പുറം)** (6 X 2 = 12)

19. "കഴിഞ്ഞകൊല്ലം എനിക്ക് ഉദ്യോഗക്കയറ്റം കിട്ടി. അതിനുശേഷം എനിക്ക് എല്ലായ്പ്പോഴും പണിത്തിരക്കാണ്. സർക്കീട്ടിന്നും പോണം. കത്തെഴുതാൻ സമയം കിട്ടാറില്ല." അയാൾ പറഞ്ഞു.

".......... എന്റെ പേരിലുള്ള നിലം വിറ്റ് പണമാക്കിയാൽ അതെനിക്കു വലിയ ഉപകാരമാവും. അതിനെപ്പറ്റി ഏട്ടത്തിയോട് സംസാരിക്കാനാണ് ഞാൻ വന്നത്."

(കീറിപ്പൊളിഞ്ഞ ചകലാസ്)

ഗോപിയെപ്പോലെ സ്വന്തം സുഖവും സന്തോഷവും മാത്രം പ്രധാനമായി കരുതുന്ന ഒരു മനോഭാവം സമൂഹത്തിൽ വർദ്ധിച്ചു വരുന്നുണ്ടോ? കഥയും സമകാലിക സംഭവങ്ങളും വിലയിരുത്തി 'സ്വാർഥതയും മനുഷ്യബന്ധങ്ങളും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.

20. "മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യുഹമർധരാത്രം
ശുഭം പ്രതീക്ഷിപ്പവനെതുരാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ"

(വിശ്വം ദീപമയം)

മനസ്സിൽ ശുഭചിന്തയുള്ളവരുടെ ജീവിതമാണല്ലോ വെളിച്ചമുള്ളതാകുന്നത്. ലോകം മുഴുവൻ അതിജീവനത്തിന്റെ പാതയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ ഉള്ളൂരിന്റെ ഈ വരികൾ ഏറെ പ്രസക്തമാണ്. 'വിശ്വംദീപമയം' എന്ന കവിതയിലെ ആശയം മുൻനിർത്തി 'ആത്മവിശ്വാസത്തിലൂടെ അതിജീവനത്തിലേയ്ക്ക്' ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

21. "വാഹനമോഷണം : യുവാക്കൾ പിടിയിൽ"
"സ്ത്രീധനപീഡനങ്ങൾ കേരളത്തിൽ വർദ്ധിക്കുന്നു."
അടുത്ത കാലത്ത് വന്ന ചില പത്രവാർത്തകളുടെ തലക്കെട്ടുകളാണ് മുകളിൽ നൽകിയിരിക്കുന്നത്.

"ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾ തന്നെ പറയുന്നു. ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്."

(ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്)

പത്രവാർത്തകളും പാഠഭാഗവും വിശകലനം ചെയ്ത് 'ലളിതജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

exam WiNNER ®